കേരള കാർഷിക സർവ്വകലാശാല

നമ്പർ: GA/L3/11101/2010 മെയിൻ കാമ്പസ്, വെള്ളാനിക്കര

തീയതി: 03.08.2010

## കുറ്റാരോപണ മെമ്മോ

കേരള കാർഷിക സർവ്വകലാശാലയുടെ മണ്ണുത്തി വെറ്ററിനറി കോളേജിലെ ലാബ് / ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് III ആയ ശ്രീ. ഡി. ബിജുകുമാറിനെതിരെയുള്ള കുറ്റാരോപണ മെമ്മോ.

1) ശ്രീ. ഡി. ബിജുകുമാർ എന്ന താങ്കൾ മണ്ണുത്തി വെറ്ററിനറി കോളേജിൽ ലാബ് / ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് III ആയി ജോലി ചെയ്യുന്ന അവസരത്തിൽ വെറ്ററിനറി കോളേജ് ലൈബ്രറിയിൽ ക്രിമിനൽ കുറ്റം ചെയ്യുകയും പിന്നീട് അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും ജോലിയിൽ വീഴ്ച വരുത്തിയതുമായി കാണുകയാൽ താഴെപ്പറയുന്ന കുറ്റങ്ങൾ താങ്കളുടെ പേരിൽ ആരോപിക്കുന്നു.

   i) ക്രിമിനൽ കുറ്റം ചെയ്യൽ
   ii) അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കൽ
   iii) നിലവിലുള്ള സർവ്വീസ് ചട്ടങ്ങളുടെ ലംഘനം

2) മുകളിൽ പറഞ്ഞ കുറ്റങ്ങൾ ചെയ്തതിന്റെ പേരിൽ താങ്കളുടെ പേരിൽ കാർഷിക സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് എസ്. ആർ. ഒ. 293/72 പ്രകാരമുള്ള അച്ചടക്ക നടപടികൾ എടുക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് ഈ മെമ്മോ കൈപ്പറ്റി പതിനഞ്ച് (15) ദിവസത്തിനകം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം, ഇക്കാര്യത്തിൽ താങ്കൾക്ക് യതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്താൽ മേൽനടപടികൾ കൈക്കൊള്ളുന്നതായിരിക്കും. മറുപടി തയ്യാറാക്കുന്നതിലേക്ക് എന്തെങ്കിലും രേഖകൾ ആവശ്യമുണ്ടെങ്കിൽ ആയത് മുൻകൂട്ടി അനുമതി വാങ്ങി എഴുതി എടുക്കുവാൻ ശ്രീ. ഡി. ബിജുകുമാറിനെ ഇതിനാൽ അനുവദിച്ചിരിക്കുന്നു.

3) മുകളിൽ പറഞ്ഞ കുറ്റങ്ങൾക്ക് ആധാരമായ കുറ്റപത്രം ഇതോടൊപ്പം ചേർക്കുന്നു.

രജിസ്ട്രാർ

ഉള്ളടക്കം : കുറ്റപത്രം

സ്വീകർത്താവ്

1) ശ്രീ. ഡി. ബിജുകുമാർ, ലാബ് / ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് III (വെറ്ററിനറി കോളേജ് ഡീൻ മുഖാന്തിരം)
2) ഡീൻ, കോളേജ് ഓഫ് വെറ്ററിനറി ആന്റ് അനിമൽ സയൻസസ്, മണ്ണുത്തി, (മൂന്ന് കോപ്പികൾ ഉള്ളടക്കം ചെയ്യുന്നു. അസ്സൽ ശ്രീ. ഡി. ബിജുകുമാറിന് നൽകി കൈയ്യൊപ്പ് സഹിതം ഒരു കോപ്പി തിരികെ അയക്കേണ്ടതാകുന്നു)

കോപ്പി സെക്ഷൻ ഓഫീസർ, ജി.എ. ബി. / കരുതൽ ശേഖരം

tpn/05.08.10

നമ്പർ: GA/L3/11101/2010

## <u>കുറ്റപത്രം</u>

മണ്ണുത്തി വെറ്ററിനറി കോളേജിലെ ലാബ് / ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് III ജീവനക്കാരനായ ശ്രീ. ഡി. ബിജുകുമാർ 16.03.2010 വൈകുന്നേരം 5.45 ന് ടി. കോളേജിലെ റഫറൻസ് അസിസ്റ്റന്റും ഡെപ്യൂട്ടി ലൈബ്രേറിയൻ ഇൻ ചാർജ്ജും ആയ ശ്രീ. എസ്. ശ്രീകുമാറിനെ മദ്യപിച്ച് കൈയ്യേറ്റം ചെയ്തതായും അസഭ്യം പറയുകയും കുത്തിപ്പരിക്കേൽപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തതായും മണ്ണുത്തി വെറ്ററിനറി കോളേജ് ഡീൻ അറിയിച്ചിരിക്കുന്നു.

കൂടാതെ 17.03.2010 മുതൽ ശ്രീ. ഡി. ബിജുകുമാർ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്ന വിവരവും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇത്തരം മാനസികാവസ്ഥയും ആക്രമസ്വഭാവമുള്ള വ്യക്തിയുമായ ശ്രീ. ഡി ബിജുകുമാറിനെ പ്രസ്തുത കോളേജിൽ തുടർന്ന് പ്രവർത്തിക്കുവാൻ അനുവദിക്കരുതെന്നും ഡീൻ 22.03.2010 ലെ കത്തിലൂടെ ആവശ്യപ്പെട്ടിട്ടുള്ളതുമാകുന്നു.

ഇതിനു മുമ്പ് ശ്രീ. ഡി. ബിജുകുമാർ വെള്ളായണി കാർഷിക കോളേജിൽ ജോലി ചെയ്തിരുന്നപ്പോൾ ട്രാൻസ്പോർട്ട് ജീവനക്കാരനെ മർദ്ദിച്ചതിന്റെ പേരിൽ തിരുവല്ലം പോലീസ് സ്റ്റേഷൻ ക്രൈം 338/2008 നമ്പർ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ശിക്ഷണ നടപടികളുടെ ഭാഗമായി മണ്ണുത്തി വെറ്ററിനറി കോളേജിലേക്ക് സ്ഥലം മാറ്റി നിയമിച്ചതുമാകുന്നു. ഇത്തരം പ്രവർത്തികൾ ആവർത്തിക്കരുതെന്ന് ശക്തമായ താക്കീതും നൽകിയിരുന്നു.

ആയതിനാൽ ശ്രീ. ഡി. ബിജുകുമാർ വെറ്ററിനറി കോളേജ് കാമ്പസ്സിൽ ക്രിമിനൽ കുറ്റം ചെയ്തതായും അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതായും ബോദ്ധ്യപ്പെട്ടതിനാൽ ടിയാനെതിരെ അച്ചടക്കനടപടികൾ കൈക്കൊള്ളുന്നു.

രജിസ്ട്രാർ

<u>കുറ്റപത്രത്തിന് ആധാരമായ രേഖകൾ</u>

17.03.2010, 22.03.2010 തീയതികളിലെ മണ്ണുത്തി വെറ്ററിനറി കോളേജ് ഡീനിന്റെ ഇ.3 /4320/08 പ്രകാരമുള്ള കത്തുകൾ